പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2168 16.08.2017 ൽ മറുപടിയ്ക്ക്

# കായികരംഗം പരിപോഷിപ്പിക്കുന്നതിനായി പദ്ധതികൾ

ചോദ്യം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.എം. സ്വരാജ്
ശ്രീ.യു. ആർ. പ്രദീപ്
ശ്രീ.ആന്റണി ജോൺ

മറുപടി

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കായികരംഗം പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) & ബി) | 2020-2024 ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തിരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി **"ഓപ്പറേഷൻ ഒളിമ്പ്യ "** എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2020, 2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. താഴെ സൂചിപ്പിക്കുന്ന 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| ബി) | കായികതാരങ്ങളെ ഒളിമ്പിക്സിൽ മെഡൽ നേടുവാൻ പ്രാപ്തരാക്കുന്ന തരത്തിൽ ഫലപ്രദവും ശാസ്ത്രീയവുമായ പരിശീലനം നൽകുന്നതിന് 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | | |

| | | |
|---|---|---|
| 1 | ആർച്ചറി | 20 |
| 2 | അത്‌ലറ്റിക്സ് | 40 |
| 3 | ബാഡ്മിന്റൺ (ഷട്ടിൽ) | 40 |
| 4 | ബോക്സിംഗ് | 20 |
| 5 | കനോയിംഗ് & കയാക്കിംഗ് | 20 |
| 6 | സൈക്ലിംഗ് | 20 |
| 7 | ഫെൻസിംഗ് | 20 |
| 8 | റോവിംഗ് | 20 |
| 9 | ഷൂട്ടിംഗ് | 10 |
| 10 | സ്വിമ്മിംഗ് | 20 |
| 11 | റസ്‌ലിംഗ് | 20 |
| | ആകെ | 250 |

ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്,

| | | | |
|---|---|---|---|
| | | | സൈക്ലിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നിവ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, റോവിംഗ് ആലപ്പുഴയിലും, ബാഡ്മിന്റൺ എറണാകുളത്തും, ആർച്ചറി വയനാട്ടും ജില്ലകളിലായി (ഒളിമ്പിക്സ് സെന്ററുകൾ) ആരംഭിയ്ക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം സെപ്തംബർ 15 ന് ആരംഭിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 2017-18 മുതൽ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിയ്ക്കുന്നത്. ഈ വർഷത്തെ നടത്തിപ്പിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | ഏതെല്ലാം കായിക ഇനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | സി) | ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളെയാണ് ഉൾപ്പെടത്തിയിരിക്കുന്നത്. |
| ഡി) | വിദേശ കോച്ചുമാരെയും വിദഗ്ധരായ ദേശീയ കോച്ചുമാരെയും ഇതിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഡി) | ഉണ്ട്. ചുവടെ പറയും പ്രകാരമാണ് തീരുമാനിച്ചിട്ടുള്ളത്. |

| കായിക ഇനം | വിദേശ പരിശീലകൻ (എണ്ണം) | ദേശീയ പരിശീലകൻ (എണ്ണം) |
|---|---|---|
| ആർച്ചറി | 1 | 2 |
| അത്‌ലറ്റിക്സ് | 2 | 2 |
| ബാഡ്മിന്റൺ (ഷട്ടിൽ) | 1 | 2 |
| ബോക്സിംഗ് | 1 | 2 |
| കനോയിംഗ് & കയാക്കിംഗ് | 2 | 2 |
| സൈക്ലിംഗ് | 1 | 3 |
| ഫെൻസിംഗ് | 3 | 2 |
| റോവിംഗ് | 1 | 3 |
| ഷൂട്ടിംഗ് | 2 | 2 |
| സ്വിമ്മിംഗ് | 1 | 2 |
| റസ്‌ലിംഗ് | 1 | 2 |

**സെക്ഷൻ ഓഫീസർ**